റബ്ബർ മരങ്ങളുടെ പ്രായവും സ്ഥിതിയും അനുസരിച്ച് രണ്ട് ദിവസത്തിലൊരിക്കലോ, മൂന്ന് ദിവസത്തിലൊരിക്കലോ ആണ് ടാപ്പ് ചെയ്യേണ്ടത്. കമ്പനിയിലും ഈ രീതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരം അപൂർവ്വമായി ടാപ്പിംഗ് മുടങ്ങുന്ന ടാസ്ക്കുകൾ അതുകഴിഞ്ഞുള്ള കാലയളവിൽ കൂടുതൽ ദിവസങ്ങളിൽ ടാപ്പു ചെയ്യുന്നതിനാൽ ടാപ്പിംഗ് മുടക്കംമൂലം കമ്പനിക്ക് നഷ്ടം ഉണ്ടാകാറില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കുറവു വന്നിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ തോട്ടം തൊഴിലാളികൾക്ക് ഡി. എ. കുടിശ്ശിക വിതരണം ചെയ്യുന്ന നടപടി

69 [2196] ശ്രീ. ഷിബു ബേബിജോൺ:

,, കെ. ബി. ഗണേഷ്കുമാർ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൻകിട പ്ലാന്റേഷനുകൾ ഉൾപ്പെടെയുള്ള സ്വകാര്യ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ക്ഷാമബത്ത ലഭിക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക നൽകാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, സ്വകാര്യ തോട്ടം തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോട്ടം മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് 1-4-2002 മുതൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട ക്ഷാമബത്തയിലെ വർദ്ധനവ് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാന പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്. എന്നാൽ 16-12-2003-ൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി 2003 ഒക്ടോബർ 1 മുതൽ റബ്ബർ, ഏലം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ടുന്ന ക്ഷാമബത്ത വർദ്ധനവ് 1-10-2003 മുതൽ നൽകണമെന്ന് തീരുമാനമെടുത്തിട്ടുണ്ട് (മുൻ കുടിശ്ശിക കൂടാതെ). എന്നാൽ ചില തോട്ടം ഉടമകൾ ഇതിനെതിരെ ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ വീണ്ടും ചർച്ചകൾ തുടർന്നുവരികയാണ്.